# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.475. 01.07.2013 ൽ മറുപടിയ്ക്ക്.

**ദേശീയപാത 212 -ലെ രാത്രികാല ഗതാഗത നിരോധനം**

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. പുരുഷൻ കടലുണ്ടി<br>,, കെ. വി. വിജയദാസ് | | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
|---|---|---|
| (എ) ദേശീയ പാത 212–ലെ ബന്ദിപ്പൂർ മേഖലയിൽ രാത്രികാല ഗതാഗത നിരോധനം തുടരുന്നതു മൂലമുള്ള പ്രശ്നത്തിൽ പരിഹാരം ഉണ്ടാക്കാമോ ; | (എ) | 3.6.2009 ന് കർണ്ണാടകത്തിലെ ചാമരാജ് നഗർ ജില്ലാ കളക്ടർ ആണ് ദേശീയപാത 67, 212 എന്നിവയിൽ കൂടിയുള്ള രാത്രികാല ഗതാഗതം നിരോധിച്ചത്. ഈ പാതകൾ കടന്നു പോകുന്ന ബന്ദിപ്പൂർ നാഷണൽ പാർക്കിലെയും കട്ടവാ സങ്കേതത്തിലെയും വന്യമൃഗങ്ങളുടെ സ്വൈരവിഹാരത്തിന് തടസ്സം സൃഷ്ടിക്കുന്നുവെന്നും അവയുടെ ജീവന് അപകടമാണെന്നും ചൂണ്ടിക്കാട്ടിയായിരുന്നു രാത്രികാല ഗതാഗത നിരോധനം. ഈ നിരോധനം കേരളത്തെയും ഏറെ ദോഷകരമായി ബാധിച്ചു. അന്തർസംസ്ഥാന യാത്രക്കാർക്കും ചരക്ക് വാഹനങ്ങൾക്കും ഇതു മൂലം ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടായി. ഈ നടപടികൾക്കെതിരെ ഉയർന്ന പരാതികളുടെ അടിസ്ഥാനത്തിൽ 10.6.2009 ന് കളക്ടർ നിരോധന ഉത്തരവ് പിൻവലിച്ചു. എന്നാൽ കർണ്ണാടക ഹൈക്കോടതി WP(C) No.17498/2009 എന്ന കേസിൽ നിരോധനം നീക്കിയ നടപടി സ്റ്റേ ചെയ്തു. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് അന്നത്തെ ബഹു. വനം. വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം കർണ്ണാടക മുഖ്യമന്ത്രിയെ സന്ദർശിച്ച് വിഷയം ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് കേരളസർക്കാരും കെ.എസ്.ആർ.ടി.സി.യും കർണ്ണാടക ഹൈക്കോടതിയിലെ WP(C) No.17498/2009 ൽ നിരോധനം നീക്കുന്നതിനായി കക്ഷി ചേർന്നുവെങ്കിലും 9.3.2010 ലെ ഉത്തരവിലൂടെ കർണ്ണാടക ഹൈക്കോടതി ബന്ദിപ്പൂർ വഴിയുള്ള ഗതാഗതം രാത്രി 9 നും രാവിലെ 6 നും മദ്ധ്യേ നിരോധിച്ചു. ഇതേ തുടർന്ന് ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും ഇക്കാര്യത്തിൽ കേന്ദ്ര ഇടപെടൽ ആവശ്യപ്പെട്ട് സർവ്വകക്ഷി നിവേദക സംഘത്തെ അയയ്ക്കാനും |

സർക്കാർ തീരുമാനിക്കുകയുണ്ടായി. തുടർന്ന് ടി ഹൈക്കോടതി വിധിക്കെതിരെ 2010 ഏപ്രിലിൽ SLP(C) No.13838/2010 ആയി കേരളം സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്യുകയുണ്ടായി. ഈ കേസ് ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. കേസിൽ സഹായമഭ്യർത്ഥിച്ച് സർവ്വകക്ഷി നിവേദക സംഘം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2010 മെയ് 5 ന് പ്രധാനമന്ത്രിയെയും സന്ദർശിച്ച് നിവേദനം നൽകുകയുണ്ടായി. കേസിൽ കേരളത്തിന് സഹായകമാകുന്ന നിലപാട് സ്വീകരിക്കണമെന്നും കേസിൽ കക്ഷി ചേരണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് & ഹൈവേ മന്ത്രാലയത്തിന് കത്തും നൽകിയിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം 5.8.2011 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രശ്നം ചർച്ച ചെയ്യുന്നതിന് യോഗം വിളിച്ചുകൂട്ടുകയും ചെയ്തു. യാത്രാ നിരോധനം മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനും ബദൽ റോഡുകൾ നിർമ്മിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിനും യോഗം തീരുമാനിച്ചു. അതിന്റെ തുടർ നടപടി നടന്നുവരികയാണ്. രാത്രി 9 മണി മുതൽ രാവിലെ 6 മണി വരെയുണ്ടായിരുന്ന നിരോധനം ഇപ്പോൾ വൈകുന്നേരം 6 മുതൽ രാവിലെ 6 മണി വരെ ആക്കിയത് കർണ്ണാടക സർക്കാരിന്റെ തീരുമാനത്തെ ത്തുടർന്നാണ്. രാത്രികാല യാത്രാ നിരോധനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ. ബഹു.സുപ്രീംകോടതി മുമ്പാകെ കേരള സർക്കാർ ഫയൽ ചെയ്തിട്ടുള്ള SLP(C) 13838/10 എന്ന കേസിൽ, കേരളത്തിന്റെ വാദം കൂടുതൽ ശക്തമായി ബഹു. സുപ്രീംകോടതി മുമ്പാകെ അവതരിപ്പിക്കുവാനും, കേസ് കൂടുതൽ കാര്യക്ഷമമായി നടത്തുവാനും സീനിയർ അഡ്വക്കേറ്റായ ശ്രീ.ഗോപാൽ സുബ്രഹ്മണ്യത്തിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സീനിയർ അഡ്വക്കേറ്റ് ആവശ്യപ്പെട്ട അധികവിവരങ്ങൾ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഇതു കൂടാതെ, ബന്ദിപ്പൂർ വനമേഖലയിലൂടെയുള്ള രാത്രികാല ഗതാഗതം വന്യമൃഗങ്ങളിൽ ഉണ്ടാക്കുന്ന സ്വാധീനം ശാസ്ത്രീയമായി അപഗ്രഥിച്ച് സർക്കാരിന് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ തൃശ്ശൂർ ആസ്ഥാനമായ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ

| | | | |
|---|---|---|---|
| | | | ശാസ്ത്രജ്ഞനായ Dr. P.S. Easa യെ ചുമതല പ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന സർക്കാർ ഈ പ്രശ്നത്തിൽ സ്വീകരിച്ച നിലപാട് കർണ്ണാടക സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; | (ബി) | കേരള സർക്കാർ ബഹു.സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത SLP(C) 13838/10, കോടതിയുടെ പരിഗണന യിലിരിക്കുന്ന സാഹചര്യം കണക്കി-ലെടുത്ത്, കർണ്ണാടക സർക്കാർ ഈ വിഷയത്തിൽ ഇപ്പോൾ ഇടപെടില്ല എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. |
| (സി) | കർണ്ണാടകയുമായുള്ള ചർച്ചയിൽ കേരളം മുന്നോട്ടു വെച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു ; ഇവ അംഗീകരിപ്പിക്കാൻ സർക്കാർ ഇനിയും ശ്രമം തുടരുമോ? | (സി) | ബന്ദിപ്പൂർ വനമേഖലയിലൂടെയുള്ള രാത്രി കാല യാത്രാനിരോധനം തുടരുമെന്നാണ് ഇതു സംബന്ധിച്ച് 18/11/2012 ൽ ബാംഗ്ലൂരിൽ വച്ച് രണ്ട് സംസ്ഥാനത്തെയും മുഖ്യമന്ത്രിമാർ നടത്തിയ ചർച്ചയിൽ, കർണ്ണാടക മുഖ്യമന്ത്രി അറിയിച്ചത്. കർണ്ണാടക ഹൈക്കോടതിയുടെ ഉത്തരവാണ് ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. ഈ സാഹചര്യത്തിലും, രാത്രികാല യാത്രാ നിരോധനം സംബന്ധിച്ച് കേരള സർക്കാർ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള SLP(C)No. 13838/10 ഇപ്പോഴും ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലായതിനാലും ഫലപ്രദമായ രീതിയിൽ ഈ വിഷയം ബഹു. കോടതി മുമ്പാകെ കൊണ്ടു വന്ന് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സംസ്ഥാനസർക്കാർ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.